# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 18

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ ബി.എ., ബി.കോം (2017 അഡ്മിഷൻ റഗുലർ - സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് ആറ്, 26 തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1370/2019)

മൂന്നും നാലും സെമസ്റ്റർ ബി.എ., ബി.കോം (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2017 ന് മുമ്പുള്ള അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് ആറ്, 26 തീയതികളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1371/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.ബി.എ. (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂലൈ 20 മുതൽ 30 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1372/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി. കെമിസ്ട്രി -ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ (റഗുലർ, സപ്ലിമെന്ററി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1373/2019)

2018 ഒക്ടോബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1374/2019)

## വരണാധികാരി

ഓഗസ്റ്റ് 22ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പിന്റെ (2019-20) വരണാധികാരിയായി സാബു തോമസിനെ (ജോയിന്റ് രജിസ്ട്രാർ II , ഭരണവിഭാഗം) വൈസ് ചാൻസലർ നിയമിച്ചു.

(പി.ആർ.ഒ./39/1375/2019)

# എം.ജി.യിൽ ശ്രവണ പരിശോധന ക്യാമ്പ്; 47.04 ലക്ഷത്തിന്റെ ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസും സംയുക്തമായി മുംബൈയിലെ ദേശീയ സ്പീച്ച് ആന്റ് ഹിയറിംഗ് ഡിസെബിലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് നടത്തിയ സൗജന്യ ശ്രവണ പരിശോധന ക്യാമ്പിലൂടെ 47.04 ലക്ഷം രൂപയുടെ ശ്രവണ സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു. 250 പേർക്കായി 336 ശ്രവണ സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്തത്. അഞ്ചുദിവസമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

ഭിന്നശേഷി വിഭാഗങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകാൻ സർവകലാശാലകളിൽ നടക്കുന്ന ഗവേഷണ ഫലങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് ക്യാമ്പിന്റെ സമാപന ഉദ്ഘാടനം നിർവ്വഹിച്ച് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ദേശീയ സ്പീച്ച് ആന്റ് ഹിയറിംഗ് ഡിസെബിലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റൻഷൻ വിഭാഗം മേധാവി ഡോ. ആർ.പി. ശർമ്മ, ഡോ. മാത്യൂ മാർട്ടിൻ, അരവിന്ദ്, ഗോപാൽ, ഷിൻഡെ, സഞ്ജയ് എന്നിവരെ വൈസ് ചാൻസലർ അനുമോദിച്ചു. ഐ.എൽ.ആർ.ഡി. ഡയറക്ടർ ഡോ. കെ. എം. മുസ്തഫ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് മേധാവി പ്രൊഫ. രാജീവ് കുമാർ എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/1376/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ